ആമുഖം

പ്രിയ സഹോദരങ്ങളെ,

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൻറെ പുതിയ ഭരണ സമിതി പുത്തൻ പ്രതീക്ഷകളുമായി കാലെടുത്തു വയ്ക്കുകയാണ്. എക്കാലത്തെയും പോലെ സാധാരണക്കാരായ ആളുകളുടെ സ്വപ്നങ്ങളെ ചേർത്തു പിടിക്കുന്ന ബജറ്റ് തന്നെയാണ് ഭരണ സമിതി തയ്യാറാക്കിയിരിക്കുന്നത്.

പ്രിയപ്പെട്ട സഹോദരങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ മുൻഗണനാ ക്രമമനുസരിച്ച് പ്രാവർത്തികമാക്കാൻ സാധ്യമാകുന്ന പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഈ ബജറ്റിൻറെ കാതൽ. ജനപങ്കാളിത്തം ഉറപ്പു വരുത്തിയും പ്രാദേശീക താല്പര്യങ്ങളും, ആവശ്യങ്ങളും പരമാവധി പരിഗണിച്ചും,സുസ്ഥിര വികസന സങ്കൽപ്പങ്ങൾക്ക് പ്രാധാന്യം നൽകിയും, അവസര സമത്വത്തിനായി പരിശ്രമിച്ചും, ആശയറ്റ് നിരാശയുടെ അരിക് ചേർന്ന് നിന്നവരെ ചേർത്ത് പിടിക്കാൻ ശ്രമിച്ചും തയ്യാറാക്കപ്പെട്ട തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൻറെ സാമ്പത്തിക ആസൂത്രണത്തിൻറെ അടിസ്ഥാന ശിലയാണ് ഈ ബജറ്റ്. സർക്കാർ നിർദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയിരിക്കുന്ന വികസന പദ്ധതികൾക്ക് ലഭ്യമാകുന്ന വിഭവ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി കൊണ്ടുള്ള ഒരു ബജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. നമ്മുടെ ബജറ്റിൻറെ കാതൽ എന്നു പറയുന്നത് സർക്കാർ ബജറ്റ് വിഹിതമായി അനുവദിക്കുന്ന വികസന, മെയിൻറനൻസ് ഫണ്ടുകകളും ധനകാര്യകമ്മീഷൻ ഗ്രാൻറുകളുമാണ്. കൂടാതെ അനിവാര്യ ചുമതലകൾക്ക് വേണ്ടുന്ന വകയിരുത്തൽ നടത്തിയതിനു ശേഷം ലഭ്യമാകുന്ന പഞ്ചായത്തിൻറെ തനതു വരുമാനം കൂടി പദ്ധതി ചെലവിനായി വകയിരുത്തിയിട്ടുണ്ട്. ഒപ്പം ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും, മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള വരവുകളും പ്രതീക്ഷിച്ചാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.സാധാരണക്കാരായ നമ്മുടെ സഹോദരങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയോജനമാകുന്ന പദ്ധതികൾ കണ്ടെത്തി മുൻഗണന നിശ്ചയിച്ചാണ് ഇത്തവണയും ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

നമ്മുടെ അടിസ്ഥാന ആവശ്യമായ പാർപ്പിടം, ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം, തെരുവു വിളക്കുകൾ, എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് ഈ വർഷത്തെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം തുടങ്ങിയ മേഖലകൾക്ക് പരിഗണന നൽകി കൊണ്ട് സാമൂഹിക വ്യവസ്ഥയിലും , ജീവിത സാഹചര്യത്തിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. വികസന ഫണ്ടിൻറെ ഭൂരിഭാഗവും അനിവാര്യ പ്രോജക്ടുകൾക്കും ലൈഫ് പദ്ധതിയ്ക്കും വകയിരുത്തുമ്പോൾ പല മേഖലയിലും വേണ്ടത്ര തുക വകയിരുത്താൻ സാധിക്കുന്നില്ല. എന്നിരുന്നാലും പരമാവധി ഫണ്ട് സമാഹരണവും, തൊഴിലുറപ്പ് പദ്ധതിപോലുള്ള ഫണ്ടുകളും വിനിയോഗിച്ച് പശ്ചാത്തല മേഖലയിൽ വൻപുരോഗതി കൈവരിക്കുന്നതിന് ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നു പുതിയ തലമുറയുടെയും അടിസ്ഥാന ജന വിഭാഗങ്ങളുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സമഗ്ര മേഖലയിലും വികസനം എത്തിക്കുക എന്ന കാഴ്ചപ്പാടോടു കൂടിയുള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്നത്.

നമ്മുടെ പ്രശ്നങ്ങൾക്കുള്ള പൂർണ്ണ പരിഹാരം നിർദേശിക്കാൻ ഈ ബജറ്റിന് കഴിയില്ലെങ്കിലും, പരിമിധികളളിൽ നിന്നുകൊണ്ട് പരമാവധി ജനക്ഷേമ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാമെന്ന തികഞ്ഞ പ്രതീക്ഷയോടെയാണ് ഈ ബജറ്റ് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഒപ്പം ഒന്നിച്ച് നിന്ന് പ്രവർത്തിക്കാമെന്ന ആഗ്രഹത്തോടെയും. 2026/27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഭവ സ്രോതസ്സുകളുടെ വിശദ വിവരങ്ങൾ ബജറ്റ് അവതരണ വേളയിൽ നിങ്ങളുടെ മുമ്പിലെത്തും. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർണ്ണാർത്ഥത്തിൽ പൂർത്തീകരിക്കുവാനും, അനുബന്ധ പ്രവർത്തനങ്ങൾക്കും എല്ലാ ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും മുഴുവൻ ജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

പാലോട് — റുക്സിനി ടി

05.03.2026 — പ്രസിഡൻറ്, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

ബജറ്റ് അവതരണം

ബഹുമാന്യരേ,

പുതിയ ഭരണ സമിതി ചുമതലയേറ്റതിനു ശേഷമുള്ള കന്നി ബജറ്റ് വളരെ സന്തോഷ പൂർവ്വമാണ് ഞാനിന്ന് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. 2026/27 വർഷം 35,63,45,687/( മുപ്പിയഞ്ച് കോടി അറുപത്തിമൂന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അറുനൂറ്റി എൻപത്തിയേഴ് ) രൂപ വരുമാനവും, 32,46,55,720/ ( മുപ്പത്തിരണ്ട് കോടി നാല്പത്തിയാറ് ലക്ഷത്തി അമ്പത്തി അയ്യായിരത്തി എഴുനൂറ്റി ഇരുപത് ) രൂപ ചെലവും, 3,16,89,967/ ( മൂന്ന് കോടി പതിനാറ് ലക്ഷത്തി എൻപത്തി ഒമ്പതിനായിരത്തി തൊളളായിരത്തി അറുപത്തിയേഴ് ) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്ത് ഭരണ സമിതി ചുമതല ഏറ്റെടുത്തതിനു ശേഷം ആദ്യ ബജറ്റ് എന്ന നിലയിൽ ഭരണ സമിതിയ്ക്ക് ഏറെ ദീർഘവീക്ഷണമുളള ബജറ്റിനാണ് രൂപം നൽകിയിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ സാധാരണക്കാരായ കർഷകർക്കും, തൊളിലാളികൾക്കും, സംരംഭകർക്കും ഏറെ ഗുണം ചെയ്യുമെന്ന് കരുതുന്ന ബജറ്റാണിത്. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുളള ഈ ബജറ്റിൽ എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. സുസ്ഥിര വികസനം മുന്നിൽ കണ്ടുകൊണ്ട് ഉല്പാദന മേഖലയിലും, പശ്ചാത്തല മേഖലയിലും, സേവന മേഖലയിലും ലഭ്യമായ വിഭവ സ്രോതസ്സുകൾ വകയിരുത്തി സർക്കാരിൻറെ നിർദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരോ മേഖലയിലും വൈവിധ്യമാർന്ന പദ്ധതികൾ പരീക്ഷിച്ചുകൊണ്ടുളള വിവിധ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ ശുപാർശകൾ കൂടി പരിഗണിച്ചുകൊണ്ടുളള ഒരു ബജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ, വിവിധ ഏജൻസികൾ/ വകുപ്പുകൾ എന്നിവയിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും, വസ്തു നികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസുകൾ, മറ്റ് ഫീസുകൾ എന്നിവ ഉൾക്കൊളളുന്ന തനതു വരുമാനവും കൂടി ചേരുന്നതാണ് നമ്മുടെ വിഭവ സ്രോതസ്സ്. ഗ്രാമപഞ്ചായത്തിലെ പിന്നോക്ക ജന വിഭാഗങ്ങൾ, ഭിന്നശേഷിയുളള വ്യക്തികൾ, വൃദ്ധർ, നിരാലംഭരായ രോഗികൾ,സ്ത്രീകൾ, കുട്ടികൾ എന്നിങ്ങനെ കൈത്താങ്ങ് ആവശ്യമായവരും, പ്രത്യേകം പരിഗണന അർഹിക്കുന്നവരുമായ സമൂഹത്തിലെ എല്ലാവിധ ജനങ്ങൾക്കും ഉചിതമായ രീതിയിലുളള പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. നേടിയ ISO സർട്ടിഫിക്കേഷൻ പ്രവർത്തന മികവിലൂടെ സദ്ഭരണം എന്ന മഹത്തായ ലക്ഷ്യം നിലനിർത്തി സുതാര്യതയും സേവന വേഗതയും ഉറപ്പാക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. ഇത് കൂടുതൽ മികച്ചതാക്കാൻ ഈ ബജറ്റ് ലക്ഷ്യമിടുന്നു. കെട്ടിട നികുതിയാണ് നമ്മുടെ പഞ്ചയാത്തിൻറെ മുഖ്യ തനതു വരുമാന മാർഗ്ഗം. 100% നികുതി പിരിവ് കൈവരിക്കുന്നതിനുളള പരിശ്രമത്തിലാണ് നാം. ഫീൽഡുതല പരിശോധന നടത്തി ലൈൻസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കും എന്നുകൂടി പറയുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

കഴിഞ്ഞ കുറെ കാലങ്ങളായി നാം ഓരുത്തരും ആഗ്രഹിക്കുന്ന സുരക്ഷിതമായ പാർപ്പിടം എന്ന സ്വപ്ന പദ്ധതിയ്ക്ക് മുൻഗണന നൽകി കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനായി ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് സംസ്ഥാന വിഹിതം ലോൺ എന്നിവ ചേർത്തുകൊണ്ട് ജനറൽ വിഭാഗത്തിന് 4.20 കോടി രൂപയും, പട്ടിക ജാതി വിഭാഗത്തിനായി 1.25 കോടി രൂപയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രത്യേക പരിഗണന നൽകുന്ന തെരുവു വിളക്കുകൾ സ്ഥാപിക്കൽ, പരിപാലനം എന്നിവയ്ക്ക് മാത്രമായി 15,25,000/ രൂപയും ബജറ്റിൽ ഉൾക്കൊളളിച്ചിരിക്കുന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവ ഉൾപ്പെടെ ഉല്പാദന മേഖലയ്ക്കായി 94,45,120/ രൂപയും, പി എച്ച് സി/ഹോമിയോ/ ആയുർവ്വേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, മാർഗ്ഗദീപ്തി മാനസീക രോഗികൾക്ക് മരുന്ന് വാങ്ങൽ, പാലിയേറ്റീവ് പരിചരണം,ജീവിത ശൈലി രോഗപ്രതിരോധ ചികത്സാ പരിപാടി, ഡയാലിസ് രോഗികൾക്കുളള കിറ്റ് വിതരണം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം, ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യ വികസനം/ശുചിത്വ പരിപാലനം എന്നിവ ഉൾപ്പെടെ ആരോഗ്യമേഖലയിൽ 47,00,000/

രൂപ വകയിരുത്തിയിരിക്കുന്നു. കൂടാതെ പഞ്ചായത്തിൽ ഓപ്പൺ ജിംനേഷ്യം തുടങ്ങുന്നതിനായി 4 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

ശാരരീക/മാനസീക വെല്ലുവിളികൾ നേരിടുന്നവരുടെ ഉന്നമനത്തിനായി ബഡ്സ് റീഹാബിലിറേഷൻ സെൻററുകളുടെ നടത്തിപ്പ്, സ്കോളർഷിപ്പ്, ഭിന്നശേഷി ദിനാചരണം തുടങ്ങിയവയ്ക്കായി 21,31,410/ രൂപ യും, സ്ത്രീകളുടെയും, കുട്ടികളുടെയും ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾക്കായി 40,37,050/ രൂപയും വയോജനങ്ങളുടെ ക്ഷേമത്തനിനായി 16,14,820/ രൂപയും ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ സർവ്വശിക്ഷ കേരളപദ്ധതിയ്ക്കായി 7 ലക്ഷം രൂപയും, സാക്ഷരത(തുല്യത) പദ്ധതിയ്ക്കും, പ്രൈമറി/ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി 2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ യുവ ജനങ്ങളുടെ കലാ/കായിക കഴിവുകളുടെ പ്രോത്സാഹനത്തിനായി 3,00,000/ രൂപയും ഉൾക്കൊളളിച്ചിട്ടുണ്ട്.

ആധുനിക കാലത്ത് നാം നേരിടുന്ന വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്കരണം. മാലിന്യ സംസ്കരണം സംസ്കാരമാകാത്ത കാലത്തോളം, സമൂഹം അപകടാവസ്ഥയിൽ തന്നെയാണ്. നമ്മുടെ പഞ്ചായത്തിലെ മാലിന്യ നിർമ്മാജന/ സംസ്കരണപ്രവർത്തനങ്ങൾക്കായും, ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായും ബജറ്റിൽ തുക മാറ്റിവച്ചിട്ടുണ്ട്. അഗതികളുടെ ക്ഷേമത്തിനായി 10 ലക്ഷം രൂപയും അതിദാരിദ്ര നിർമ്മാജന പദ്ധതിയ്ക്കായി 2,50,000/ രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പട്ടികജാതി വിഭാഗം ജനങ്ങളുടെ ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾക്കായി 91,46,000/ രൂപയും വകയിരുത്തിയിരിക്കുന്നു. കൂടാതെ പഞ്ചായത്ത് ഓഫീസ് സദ്ഭരണ പ്രവർത്തനങ്ങൾക്കായി 6 ലക്ഷം രൂപയും, ഘടകസ്ഥാപനങ്ങളുടെ കണ്ടിജെൻസി ചെലവുകളുൾപ്പെടെയുള്ള നടത്തിപ്പിനായി 8 ലക്ഷം രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിൻറെ പുതിയ ക്ഷേമ പദ്ധതിയായ സ്ത്രീ സുരക്ഷാ പദ്ധതിയും ബജറ്റിൻറെ ഭാഗമാക്കിയിട്ടുണ്ട്.

അങ്ങനെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും ഉന്നമനത്തിനുതകുന്നതും എല്ലാ മേഖലകളുടെയും വികസനത്തിന് പ്രധാന്യം നൽകികൊണ്ടുള്ളതുമായ ഒരു ബജറ്റാണ് ഭരണസമിതി തയ്യാറാക്കിരിക്കുന്നത്,

2026/27 സാമ്പത്തിക ബജറ്റിൻറെ ഒരു സംക്ഷിപ്ത രൂപം ചുവടെ വിവരിക്കും പ്രകാരമാണ്.

| ബജറ്റ് സംക്ഷിപ്തം 2026/27 | | | |
|---|---|---|---|
| വരവ് | | ചെലവ് | |
| ഇനം | തുക | ഇനം | തുക |
| പ്രാരംഭ ബാക്കി | 5,54,345,87 | മൊത്തം എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ | 1,83,61,000 |
| മൊത്തം നികുതി വരുമാനം | 1,07,00,000 | മൊത്തം ഭരണ ചെലവുകൾ | 27,20,000 |
| ആകെ ഫീസും ഉപയോക്തൃ നിരക്കുകളും | 56,82,500 | മൊത്തം പ്രവർത്തനവും പരിപാലനവും | 29,65000 |
| മൊത്തം വിൽപ്പന, വാടക നിരക്കുകൾ | 4,00,000 | ആകെ പലിശയും ധനകാര്യ ചാർജുകളും | 1500 |
| ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 12,15,50,600 | ആകെ പ്രോഗ്രാം ചെലവുകൾ | 4,02,00,000 |
| ബാങ്ക് നിക്ഷേപത്തിൽ നിന്നുമുള്ള പലിശ | 15,00,000 | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ആകെ ചെലവുകൾ | 94,45,120 |

| | | | |
|---|---|---|---|
| ആകെ മുൻകാല വരവുകൾ | 4,00,000 | സേവന മേഖലയുമായി ബന്ധപ്പെട്ട ആകെ ചെലവുകൾ | 11,65,97400 |
| മൊത്തം വാടക വരുമാനം | 50,000 | അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ആകെ ചെലവുകൾ | 2,58,43000 |
| ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവന | 14,81,78,000 | സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ആകെ ചെലവുകൾ | 9,93,73600 |
| ആകെ നിക്ഷേപങ്ങൾ | 2,50,000 | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 1,30,000 |
| ഹഡ്കോ വായ്പ | 1,00,00,000 | മൊത്തം മുൻകാല ഇനങ്ങൾ | 4,00,000 |
| മൊത്തം മറ്റ് ബാധ്യതകൾ | 1,80,000 | സുരക്ഷിത വായ്പകളുടെ ആകെ തിരിച്ചടവ് | 57,87,600 |
| ആകെ വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ | 20,20,000 | നിക്ഷേപങ്ങളുടെ ആകെ റീഫണ്ട് | |
| | | വീണ്ടെടുക്കലുകളുടെ ആകെ പേയ്മെന്റ് | 1,00,000 |
| | | | |
| | | ആകെ വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ | 22,25000 |
| ആകെ വരുമാനം | 35,63,45,687 | ആകെ ചെലവ് | 32,46,55720 |
| | | നീക്കിയിരുപ്പ് ബാക്കി | **3,16,89,967** |

# ഉപസംഹാരം

ബജൻറിൻറെ കരട് രൂപമാണ് അവതരിപ്പിച്ചത്. ആയത് സജീവ ചർച്ചയ്ക്കും പരിഗണനകൾക്കും വിധേയമാക്കണമെന്ന് താല്പര്യപ്പെടുന്നു. ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നമ്മുടെ കൂട്ടായ പരിശ്രമം വഴി ബജറ്റിലൂടെ വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും, ഈ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിച്ച ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി അംഗങ്ങൾക്കും, പ്രസിഡൻറ്, മറ്റ് ഭരണസമിതി അംഗങ്ങൾക്കും, ജീവനക്കാർക്കും നന്ദി അർപ്പിച്ചുകൊണ്ടും 2026/27 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

വി ഡി മണികണ്ഠൻ

വൈസ് പ്രസിഡൻറ്

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്